# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2613 — 18.06.2018- ൽ മറുപടിക്ക്

### മലയോര ഹൈവേ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ പി. | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | മലയോരഹൈവേ എത്ര റീച്ചുകൾ ആയി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; | (എ) | മലയോര ഹൈവേ 43 റീച്ചുകളായി നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ള റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടത്തിലെ 15 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചു. രണ്ടാംഘട്ടത്തിലെ 2 പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. ഇതിൽ തിരുവനന്തപുരം-1, കൊല്ലം-1, കാസർഗോഡ്-2 പദ്ധതികളുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. അംഗീകാരം ലഭിച്ച മറ്റ് പദ്ധതികളുടെ സാങ്കേതിക അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വനമേഖലയിലൂടെ കടന്നുപോകുന്ന റീച്ചുകളുടെ നിർമ്മാണത്തിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) | മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ ഭൂമി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, വനഭൂമി ലഭ്യമാക്കാനുള്ള സ്ഥലത്ത് പൊതുമരാമത്തും വനംവകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തുകയും വനഭൂമി ലഭ്യമാക്കുന്നതിന് DFO-മാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മലയോര ഹൈവേ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 4 പദ്ധതികളുടെ ടെണ്ടർനടപടികൾ അവസാന ഘട്ടത്തിലാണ്. ടെണ്ടർനടപടികൾ പൂർത്തിയായാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്. അംഗീകാരം ലഭിച്ച മറ്റ് പദ്ധതികളുടെ തുടർനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ